"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുമരാമത്ത് വകുപ്പ് - കോഴിക്കോട് ജില്ലയിലെ ബേപ്പൂർ നിയമസഭാ മണ്ഡലത്തിലെ കടലുണ്ടി റെയിൽവേ ഓവർബ്രിഡ്ജ്- സ്ഥലം ഏറ്റെടുക്കലിനുള്ള ഭരണാനുമതി- ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുമരാമത്ത്(ഡി) വകുപ്പ്**

സ.ഉ.(സാധാ) നം.420/2026/PWD തിരുവനന്തപുരം, തീയതി 13-03-2026

---

പരാമർശം:- പാലങ്ങൾ വിഭാഗം ചീഫ് എഞ്ചിനീയറുടെ 28.02.2026 തീയതിയിലെ CEPWD/5601/2023-AB4-BR നമ്പർ കത്ത്.

**ഉത്തരവ്**

കോഴിക്കോട് ജില്ലയിലെ ബേപ്പൂർ നിയമസഭാ മണ്ഡലത്തിലെ ഫെറോക്ക് - മണ്ണൂർ - കടലുണ്ടി - ചാലിയം റോഡിൽ നിരവധി വാഹനങ്ങൾ കടലുണ്ടി റെയിൽവേ സ്റ്റേഷന് സമീപമുള്ള റെയിൽവേ ഗേറ്റിലൂടെ (LC No. 174D) കടന്നുപോകുന്നുവെന്നും ലെവൽ ക്രോസ്, റെയിൽവേ സ്റ്റേഷന് സമീപമായതിനാൽ ഗേറ്റ് അടഞ്ഞുകിടക്കുന്നതിനാൽ ഗതാഗത തടസ്സത്തിന് കാരണമാവുന്നതായും അതിനാൽ, പ്രസ്തുത സ്ഥലത്ത് ഒരു ആർ.ഒ.ബി. അത്യാവശ്യമാണെന്നും മേൽപ്പാലത്തിനും അപ്രോച്ച് റോഡിനുമായി കടലുണ്ടി വില്ലേജിൽ 0.9037 ഹെക്ടർ സ്ഥലം ഏറ്റെടുക്കേണ്ടതുണ്ടെന്നും അതിനാൽ സ്ഥലം ഏറ്റെടുക്കലിനായി 10 കോടിയുടെ ഭരണാനുമതി അനുവദിക്കണമെന്നും പാലങ്ങൾ വിഭാഗം ചീഫ് എഞ്ചിനീയർ പരാമർശം കത്ത് പ്രകാരം ആവശ്യപ്പെട്ടു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കോഴിക്കോട് ജില്ലയിലെ ബേപ്പൂർ നിയമസഭാ മണ്ഡലത്തിലെ ഫെറോക്ക് - മണ്ണൂർ - കടലുണ്ടി - ചാലിയം റോഡിൽ കടലുണ്ടി റെയിൽവേ സ്റ്റേഷന് സമീപമുള്ള റെയിൽവേ ഗേറ്റിന് (LC No. 174D) പകരം റെയിൽവേ ഓവർ ബ്രിഡ്ജ് (കടലുണ്ടി ആർ.ഒ.ബി.) നിർമ്മാണവുമായി ബന്ധപ്പെട്ട് സ്ഥലം ഏറ്റെടുക്കലിന് 10,00,00,000/-രൂപയുടെ (പത്ത് കോടി രൂപ മാത്രം) ഭരണാനുമതി 5054-04-101-99 എന്ന ശീർശകത്തിൽ

അനുവദിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
നിത എം
ജോയിന്റ് സെക്രട്ടറി

ചീഫ് എഞ്ചിനിയർ, പൊതുമരാമത്ത് വകുപ്പ്(പാലങ്ങൾ വിഭാഗം).

ജില്ലാ കളക്ടർ, കോഴിക്കോട്.

ധനകാര്യ വകുപ്പ്(2201319/1&PW-B1/238/2022-FIN)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരള, തിരുവനന്തപുരം.

ഇൻഫർമേഷൻ ഓഫീസർ (വെബ് & ന്യൂ മീഡിയ), ഐ &പി.ആർ.ഡി.

ഉത്തരവിൻ പ്രകാരം

Signed by
Rajesh M R
Date: 13-03-2026 15:02:53
സെക്ഷൻ ഓഫീസർ

പകർപ്പ്- പൊതുമരാമത്ത് വകുപ്പ് മന്ത്രിയുടെ പി.എസ്.

പൊതുമരാമത്ത് വകുപ്പ് സെക്രട്ടറി